# ഗവഃഹയർ സെക്കന്ററി സ്കൂൾ

## ബേത്തുർപാറ

വട്ടംതട്ട പി.ഒ , 11055

# സ്പന്ദനം

***ഡിജിറ്റൽ മാഗസിൻ 2018-19***

## ഗവഃഹയർ സെക്കന്ററി സ്കൂൾ

ബേത്തൂർപാറ

# സ്പന്ദനം

**ഡിജിറ്റൽ മാഗസീൻ 2018-19**

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ : ഡോ.ഉണ്ണികൃഷ്ണൻ വി. എം(ഹെഡ്മാസ്റ്റർ )

സ്റ്റാഫ് എഡിറ്റർ : രാധാകൃഷ്ണൻ നായർ.കെ

സ്റ്റുഡന്റ് എഡിറ്റർ : അനഘ്.കെ.ആർ

വൈഷ്ണവ് രാജ് .കെ

**ഉള്ളടക്കം**

സൂര്യനോട് സൂര്യകാന്തി(അപർണ.എം)..............................4

സ്വപ്നമായി മാറ്റും ദൃശ്യങ്ങൾ(ശ്രീലക്ഷ്മി.സി.എം)...................5

തിന്മയുടെ കരങ്ങൾ(രഹിതമോഹനൻ)..............................6

ലഹരി(രാജശ്രീ.കെ.എസ്)..................................................7

വളർന്ന് വരുന്ന സാങ്കേതിക  വിദ്യ(അർസാന)...............8,9

മൊബൈൽ എന്ന അപകടകാരി(നന്ദന.പി.വി)...............9

ഫോൺ എന്ന ജീവി(നൗഷീബത്ത് സെറിൻ).......................10

IT QUIZ (അനഘ് , യദു കൃഷ്ണൻ , വൈഷ്ണവ് )...................10 To17

ഉബുണ്ടുവിന്റെ സൃഷ്ടി(wikipedia)..........................................18,19

കേരളത്തിൽ(wikipedia)........................................................20

ചരിത്രം(wikipedia)............................................................20,21,22

# സൂര്യനോട് സൂര്യകാന്തി

*അണയാൻ പോകുന്ന സൂര്യനോട്.*
*കൊച്ചു സൂര്യകാന്തിപ്പൂവ് ചോദിച്ചു.*
*അല്ലയോ പ്രിയതമാ നീ അണയുകയാണോ.*
*പാവമാം ഈ പ്രിയതമയെ*
*തനിച്ചാക്കി.*
*നിൻ രഥചക്രങ്ങൾ എന്നിൽ.*
*പ്രണയത്തിൻ കുളിർമഴയായി*
*പെയ്തിറങ്ങി.*
*നിന്നിലെ താപം എന്ത് കൊണ്ടോ.*
*ഞാൻ  അറിഞ്ഞതേയില്ല.*
*നിൻ  പ്രണയതത്തിൽ കുളിർമ.*
*നിൻ താപത്തെ മറച്ചു.*
*അറിയുകയില്ലെ പ്രിയ.*
*നാളെ നീ എത്തും നേരം.*
*ശേഷിക്കുമോ ഈ നശ്വര ജന്മം.*



*അപർണ.എം (9 A)*

# <u>സ്വപ്നങ്ങളായി മാറും ദൃശ്യങ്ങൾ</u>

വിട്ടുപിരിയുകയാണെൻ മുന്നിൽ നിന്നു മാ...
സ്വപ്നസാഭല്യങ്ങളെല്ലാം.
മിന്നിമറയുകയാണെൻ മുന്നിൽ
നിന്നു മാ...
കൊട്ടാരകെട്ടുകളെല്ലാം.



ഒഴുകുന്നിതാ മലയും മണ്ണു-
മെൻ സ്വപ്നങ്ങളും
കരുതുന്നിതാ എൻ ആടും
ആറും കാട്ടരുവികളും
തിരികെ മരമെൻ കേരളമേ...
മുറുകെപിടിക്കാം പ്രകൃതിയെ....

ശ്രീലക്ഷ്മി.സി.എം.(9 B)

# തിന്മയുടെ കരങ്ങൾ

കാടൊരു കെട്ടിടമായി
കാടൊരു തരിശുഭൂമിയായി
ഒരു നിലയായി...പിന്നെ രണ്ടു നിലയായി
മൂന്നും നാലുമായി കെട്ടിടമരങ്ങൾ ഉയർവന്നു.

വൻവൃഷങ്ങൾ കുറ്റിച്ചെടിയായി മാറുന്നു.
ഒന്ന് പോരാ.....നാല് പോരാ
ആകാശം മുട്ടെ നിൽക്കുന്ന വ്യവസായശാലകൾ
കൊമ്പും കുഴലുമായിനിവർന്ന്  നിന്നീടുന്ന-
വ്യവസായശാലകൾ

എന്തിനുവേണ്ടി....എന്തിനുവേണ്ടി?
മനുഷ്യന്റെ കാടിനെതിരെയുള്ള
അതിക്രമങ്ങൾ...അതിക്രമങ്ങൾ...

മതിയാക്കുസോദരാ...മതിയാക്കുവിൻ
ഭൂമിമാതവിനെ  സംരക്ഷിക്കു.....
മനുഷ്യ ജീവിതങ്ങൾ  സംരക്ഷിതമാക്കു....

രഹിതമോഹനൻ(9 A)

# ലഹരി




മൂന്നക്ഷരത്തിൽ പ്രസിദ്ധമായ
നിൻ രൂപം ഞാൻ ഓർക്കവേ,
എൻ മനസ്സു വിതുമ്പുന്നു .
ഈ ലോകവും കരയുന്നു.
ആത്മാർഥത ഇല്ലാത്ത നിൻ രൂപം.
സ്വീകരിച്ചവർ മരിക്കുന്ന
ഹാ...എന്തു കഷ്ടം
നിൻ വരവെന്തൊരു ദു:ഖം
നിന്റെ ഈ ആഹങ്കാരത്തിൽ.
പൊലിയുന്നു ജീവനുകൾ.
ചോര നീരാക്കി പണിയെടുക്കുന്നവരെ.
നീ ഇല്ലതാക്കുന്നു.
ലഹരീ....നിന്റെ ഈ ഭാവം.
ജീവിതം തകർക്കുന്നു.
സന്തോഷം വിതറുന്ന ഈ,
മണ്ണിൽ നീ വിഷം വിതറുന്നു.
ഹാ എന്തു കഷ്ടം !
നീ ഈ  ലോകം നശിപ്പിക്കാതിരിക്കും.

രാജശ്രീ.കെ.എസ്(9 A)

# വളർന്ന് വരുന്ന സാങ്കേതിക വിദ്യ

റോബോർട്ടുകൾ ലോകത്തിലെ നമ്മുടെ സാമൂഹിക ജീവിത ആവശ്യമായ ഒരു ഘടകം

തന്നെയാണ്.ലോകത്തിലെഎല്ലാ പരീക്ഷണത്തിലും മികവ് തെളിയിച്ചിട്ടുണ്ട് റോബോർട്ടുകൾ എന്നുതന്നെ നമ്മുക്ക് ഊഹിക്കാം പണി ചെയ്യാതെ വിയർക്കണം

എന്നതാണ് ഓരോ വ്യക്തിയുടെയും ആവശ്യം. നമ്മൾ ആവശ്യപ്പെടുന്ന ജോലികൾ ചെയ്യുകയും ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാനും റോബോർട്ടുകൾക്ക്

കഴിവുണ്ട്. ഇത്തരമൊരുറോബട്ട് അമേരിക്കയിൽ

നിർമിച്ചിട്ടുണ്ട്.സംസാരിക്കാനും ആശയങ്ങൾ പ്രകടിപ്പിക്കാനുമുള്ള കഴിവുള്ള ഒരു "ഹ്യൂമനൈഡ് റോബോർട്ട്" ആണ് സോഫിയ




റോബോർട്ടുകളുടെ ഉപയോഗം വ്യവസായികരംഗവും പ്രതിരോധ രംഗവും

കടന്ന് ആരോഗ്യവും , സേവന രംഗം എന്നീ മേഖലയിൽ

എത്തി നിൽക്കുകയാണ് .റോബോർട്ടുകൾക്ക് ലോകത്തിൽ

വളരെ വലിയ സ്ഥാനമാണുള്ളത്.കാറോടിക്കാനും,ജോലി

ചെയ്യാനും,ഉത്തരം പറയാനുമുള്ള ക്രിത്രിമബുദ്ധിയുള്ള റോബോർട്ടുകളുടെ നിർമാണത്തിൽ വളരെ ഉന്നത

സ്ഥാനം ശാസ്ത്രജ്ഞന്മാർ കൈവരിക്കുകയാണ്.
റോബോർട്ടുകളുടെ ഈ ഉന്നത
സ്ഥാനങ്ങൾകൈവരിച്ചതിൽ നമുക്ക് ഓരോരുത്തർക്കും
അഭിമാനിക്കാം......

അർസാന(9 A)

# മൊബൈൽ എന്ന അപകടകാരി

നമുക്ക് ഏവർക്കും പരിചിതമായതാണ് മൊബൈൽ
ഫോൺ. വളരെ എളുപ്പത്തിൽ കാര്യങ്ങൾ ചെയ്യാനും,
ഒരാളെ വിളിക്കാനും ഇന്റർനെറ്റ് ഉപയോഗിച്ച് നമുക്ക്
ആവിശ്യമായ പഠന കാര്യങ്ങൾ നോക്കാനും നമുക്ക്
ആവശ്യമായ പഠനകാര്യങ്ങൾ നോക്കാനും



സഹായകമാകും.പക്ഷേ
ഉപയോഗം പോലെ
ഇതിന്റെ ദുരുപയോഗം
മറ്റൊരു കാര്യമാണ്.
ദുരുപയോഗം മൂലം
നമ്മെ ചതികുഴിയിൽ
വീഴ്ത്താൻ കഴിവുള്ള ഉപകരണമാണ്
ഫോൺ.

നന്ദന.പി.വി(9B)

# ഫോൺ എന്ന ജീവി

ഫോൺ ഇന്നത്തെ കാലത്ത് ഒരു ലഹരിയാണ്. കുട്ടികൾ പോലും ഫോൺ ഇല്ലാതെ ഭക്ഷണം കഴിക്കില്ല.ഫോൺ എപ്പോഴും ഒരു ഉപകാരപ്രദമാണ്.പക്ഷെ അനാവിശ്യത്തിന്
അത് ഒരിക്കലും ഉപയോഗിക്കരുത്. ഫോൺ വഴിയാണ് ഇപ്പോൾ അപകടങ്ങളും വരുന്നത്.



നൗഷീബത്ത് സെറിൻ(9B)

# IT QUIZ

01. എറ്റവും കഴിവുറ്റ കമ്പ്യൂട്ടർ ?

02. കമ്പ്യൂട്ടറിന്റെ പിതാവ് ?

03. ആദ്യത്തെ കമ്പ്യൂട്ടർ ?

04. ലോകത്തിലെ ആദ്യത്തെ പി.സി  കണ്ടുപിടിച്ച വർഷം ?

05. ആദ്യമായി ലാപ്ടോപ്പ്  കണ്ടുപിടിച്ച കമ്പിനി ?

06. ആദ്യത്തെ സ്മാർട്ട് ഫോൺ ?

07. മൗസ് കണ്ടുപിടിച്ചതാര് ?

08. സ്വതന്ത്ര ഒ.എസ്  കണ്ടുപിടിച്ച വർഷം ?

09. മൈക്രോസോഫ്റ്റ് വിന്റോസ്  പുറത്തിറക്കിയ വർഷം ?

10. ഇന്റർനെറ്റിന്റെ പിതാവ് ?

11. കമ്പ്യൂട്ടറിന്റെ തലച്ചോർ ?

12. ആദ്യത്തെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ ?

13. റാസ്പ്ബെറി പൈ കണ്ടുപിടിച്ച വർഷം  ?

14. ആദ്യത്തെ സ്വതന്ത്ര  സോഫ്റ്റ് വെയർ ?

15. 1 Byte =  ?

16. USB യുടെ പൂർണ്ണനാമം ?

17. TRS ന്റെ പൂർണ്ണനാമം ?

18. ROM ന്റെ പൂർണ്ണനാമം ?

19. DVI യുടെ പൂർണ്ണനാമം ?

20. SOC ന്റെ പൂർണ്ണനാമം ?

## ANSWER


01. സൂപ്പർ കമ്പ്യൂട്ടർ




02. ചാൾസ് ബാബേജ്



03. ഏനിയാക്ക് (1946)




04. 1983

05. Apple(2006)

06. എറിക്സൺ





07. ഡഗ്ലസ് ഏംഗൽബർട്ട്



08. ഒക്ടോബർ

09. 1985

10. വിന്റൺ സെർഫ്




11. CPU



12. മാക്

13. 2012

14. Gnu/Linux




15. 8 Bit
16. Universal Serial Bus




17. Tip Ring Sleeve




18. Read Only Memory
19. Digital Visual Interface



## 20. System On Chip



By Anagh K R
Yadu Krishnan P
Vaishnav raj k

# ഉബുണ്ടുവിന്റെ സൃഷ്ടി

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കമായപ്പോഴേക്കും സാമൂഹിക പങ്കാളിത്തത്തോടെ ഗ്നു/ലിനക്സ് ഏറെ വളർന്നുവെങ്കിലും സാധാരണ ഉപയോക്താക്കൾക്ക് ഉപയോഗിക്കാൻ അപ്പോഴും ബുദ്ധിമുട്ടായിരുന്നു. സാങ്കേതികമായി യാതൊരു അറിവുമില്ലാത്തയാൾക്കും ഉപയോഗിക്കാൻ പറ്റുന്ന വിൻഡോസ് എന്ന ഓപ്പറേറ്റിങ് സിസ്റ്റം വഴി മൈക്രോസോഫ്റ്റ്

വിപണിയിൽ പിടിമുറുക്കിക്കഴിഞ്ഞിരുന്നു. പക്ഷെ വിൻഡോസ് അതിന്റെ ഉപയോക്താക്കൾക്ക് അത് ഉപയോഗിക്കാനുള്ള അനുമതി മാത്രമാണ് നൽകിയിരുന്നത്. സാങ്കേതികവിദ്യാ വ്യവസായ സംരംഭകനായ മാർക്ക് ഷട്ടിൽവർത്തിന് ഈ രീതി സ്വീകാര്യമായി തോന്നിയില്ല.

ഗ്നു/ലിനക്സിനേറെ ഗുണമുണ്ടെങ്കിലും അത് വൈദഗ്ധ്യമുള്ളവർക്കു മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഒന്നായതു കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും, ഇതു ദോഷകരമായ സ്ഥിതിയാണെന്നും ഷട്ടിൽവർത്ത് കരുതുകയും ലളിതമായ രീതിയിൽ ഉപയോഗിക്കാവുന്ന ഈ പദ്ധതി പ്രോത്സാഹിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഉബുണ്ടു തത്ത്വചിന്തയിൽ ആകൃഷ്ടനായിരുന്നതിനാൽ ഷട്ടിൽ വർത്ത് ഈ പദ്ധതിയ്ക്ക് ഉബുണ്ടു എന്നു തന്നെ പേരു നൽകി. ഓരോ ആറുമാസത്തിലും പുതിയ പതിപ്പിറക്കുന്ന വിധത്തിലാണ് പദ്ധതി. ഓരോ പതിപ്പിനും പതിനെട്ടുമാസവും, ദീർഘകാല സേവന പതിപ്പുകൾക്ക് മൂന്നു വർഷവും ഉബുണ്ടുവിന്റെ സൗജന്യസേവനം ലഭ്യമായിരിക്കും. ഉബുണ്ടു പദ്ധതിയ്ക്കുള്ള സാമ്പത്തികപിന്തുണ നൽകുന്നത് കനോനിക്കൽ ലിമിറ്റഡ് ആണ്. 2005-ൽ ഷട്ടിൽ വർത്ത് ഉബുണ്ടു ഫൗണ്ടേഷൻ എന്നൊരു ഫൗണ്ടേഷൻ പദ്ധതി പ്രഖ്യാപിക്കുകയും ഫൌണ്ടേഷനു ഒരു കോടി യു എസ് ഡോളർ സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്. എപ്പോഴെങ്കിലും കാനോനിക്കൽ ലി. നൽകുന്ന പിന്തുണ അവസാനിക്കുകയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് ഈ തുക.

(wikipedia)

# കേരളത്തിൽ

കേരളത്തിലെ ഗവൺമെന്റ്, എയിഡഡ്, അൺ എയിഡഡ് അംഗീകൃതം തുടങ്ങി ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസ് വരെയുള്ള മുഴവൻ പൊതുവിദ്യാലയങ്ങളിലും ഉബുണ്ടുവിലധിഷ്ഠിത വിവരസാങ്കേതികവിദ്യാപഠനമാണ് നടക്കുന്നത്. പത്താം ക്ലാസിലെ പൊതുപരീക്ഷയും ഉബുണ്ടുവിലാണ് നടക്കുന്നത്. ഗ്നു ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റം ഉബുണ്ടു 10.04 ആണ് നിലവിൽ സ്കൂളുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ തരം പുതിയ കമ്പ്യൂട്ടറുകളിലും ഉബുണ്ടു 12.04 ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതരത്തിലേക്ക് 32 ബിറ്റിനു പുറമെ 64 ബിറ്റ് രൂപവും തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ സ്കൂളുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഗ്നോം രണ്ട് ഇന്റർഫേസിനു പകരമായി ഗ്നോം മൂന്നാണ് പുതിയ ഓപ്പറേറ്റിങ് സിസ്റ്റത്തിലുള്ളത്. ഐ.ടി. സ്കൂൾ പ്രോജക്ട് വികസിപ്പിച്ച പുതുക്കിയ ഓപ്പറേറ്റിങ് സിസ്റ്റം ഉബുണ്ടു 12.04 ന്റെ പ്രകാശനം വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് 2013 ൽ നിർവ്വഹിച്ചു.[100]

wikipedia

# ചരിത്രം

1983 ൽ റിച്ചാർഡ് സ്റ്റാൾമാൻ സ്ഥാപിച്ച ഗ്നു എന്ന സംഘടനയിൽ നിന്നും വളർന്നു വന്ന സോഫ്റ്റ്‌വെയറും ടൂളുകളുമാണ് ഇന്ന് ഗ്നൂ/ലിനക്സിൽ ലഭ്യമായിട്ടുള്ള സോഫ്റ്റ്‌വെയറിൽ സിംഹഭാഗവും. ഗ്നു സംഘത്തിന്റെ മുഖ്യലക്ഷ്യം സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ മാത്രം ഉപയോഗിച്ചുകൊണ്ട് യുണിക്സ് പോലുള്ള ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം നിർമ്മിക്കുന്നതായിരുന്നു. തൊണ്ണൂറുകളുടെ ആദ്യം തന്നെ ഒരു ഓപ്പറേറ്റിങ് സിസ്റ്റത്തിന് ആവശ്യമായ പ്രധാനപ്പെട്ട സോഫ്റ്റ്‌വെയറുകൾ എല്ലാം തന്നെ ഗ്നു സംഘം സ്വന്തമായി തയ്യാറാക്കിയിരുന്നു. ഒന്നൊഴികെ; ഒരു ഓപ്പറേറ്റിങ് സിസ്റ്റം ഹാർഡ്‌വെയറുമായി സംവദിക്കുവാൻ ഉപയോഗിക്കുന്ന കെർണൽ എന്ന ഘടകം. ഗ്നു സ്വതന്ത്രമായി തന്നെ ഒരു കെർണൽ നിർമ്മിക്കുവാൻ തുടങ്ങുകയും ചെയ്തു. ബെർക്കെലി യൂണിവേഴ്സിറ്റി നിർമ്മിച്ചെടുത്ത യുണിക്സ് സമാന ഓപ്പറേറ്റിങ് സിസ്റ്റം ആയ ബി.എസ്.ഡിയുടെ കെർണൽ ഉപയോഗിക്കുവാനായിരുന്നു ഗ്നു സംഘത്തിന്റെ ആദ്യ തീരുമാനം. ബെർക്കെലിയിലെ പ്രോഗ്രാമർമാരുടെ നിസ്സഹകരണം മൂലം ഈ പദ്ധതി അവർക്ക് ഉപേക്ഷിക്കേണ്ടി വന്നു. സ്വന്തമായി ഒരു കെർണൽ നിർമ്മിക്കുവാനുള്ള പ്രവർത്തനങ്ങൾ ഇതോടെ മന്ദമാവുകയും ചെയ്തു. എകദേശം ഇതേ കാലയളവിൽ, കൃത്യമായി 1991 -ൽ ലിനക്സ് എന്ന പേരിൽ മറ്റൊരു കെർണൽ, ലിനസ് ടോർവാൾഡ്സ് എന്ന

ഫിൻലാഡുകാരൻ യൂണിവേഴ്സിറ്റി വിദ്യാർത്ഥി, ഹെൽസിങ്കി യൂണിവേഴ്സിറ്റിയിലെ പഠനവേളയിൽ പണിതീർത്തിരുന്നു. ഈ കേർണലും സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയി ലഭ്യമായതോടെ ഒരു /ഓപ്പറേറ്റിംഗ് സിസ്റ്റത്തിനാവശ്യമായ എല്ലാ ഭാഗങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയറായി ലഭ്യമാണ്. ഇങ്ങനെ ഗ്നു നിർമ്മിച്ച ടൂളുകളും ലിനക്സ് എന്ന കേർണ്ണലും ചേർത്ത് ഗ്നു/ലിനക്സ് എന്ന പേരിൽ ഓപ്പറേറ്റിംഗ് സിസ്റ്റം പുറത്തിറക്കി. ഹേർഡ് എന്ന പേരിൽ ഒരു പുതിയ മൈക്രോ കേർണൽ ഗ്നു സംഘം ഇപ്പൊഴും വികസിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഗ്നു/ഹേർഡ് അഥവാ പൂർണ്ണ ഗ്നു സിസ്റ്റം എന്ന പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം പൂർണ്ണമായി ഉപയോഗ്യമായിട്ടില്ലെങ്കിലും ഇപ്പോൾ ലഭ്യമാണ്.

# *നന്ദി*

ഞങ്ങളുടെ ആദ്യ സംരംഭമായ ഈ ഡിജിറ്റൽ മാഗസീന്റെ നിർമ്മാണത്തിൽ ഞങ്ങൾക്ക് വഴികാട്ടികളായ അദ്ധ്യാപകർക്കും സൃഷ്ടികൾ നൽകി ഈ ഉദ്യമം വിജയിപ്പിച്ച മുഴവൻ കൂട്ടുകാർക്കും പത്രാധിപ സമിതിയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു

*　　　　*　　　　*